REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 09-02-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- ഇന്ത്യയിലെത്തിയ സീഷെൽസ് പ്രസിഡന്റ് ഡോ.പാട്രിക് ഹെർമിനി ഇന്ന് രാഷ്ട്രപതിയുമായും പ്രധാനമന്ത്രിയുമായും കൂടിക്കാഴ്ച നടത്തും.
- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പരീക്ഷാ പേ ചർച്ചയുടെ 9-ാം പതിപ്പിന്റെ രണ്ടാം ഭാഗം രാവിലെ പത്തിന് ആകാശവാണിയിൽ.
- കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പുതിയ കെട്ടിടം മുഖ്യമന്ത്രി പിണറായി വിജയൻ വൈകീട്ട് നാടിന് സമർപ്പിക്കും.
- കായിക മേഖലയുടെ ശാസ്ത്രീയ വളർച്ച ലക്ഷ്യമിട്ട് രാജ്യത്തെ പ്ലാനിങ് ആൻഡ് റിസർച്ച് വിഭാഗം സംസ്ഥാനത്ത് ആരംഭിക്കുമെന്ന് മന്ത്രി V.അബ്ദുറഹിമാൻ.
- കൊളംബോയിൽ ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ശ്രീലങ്ക അയർലൻഡിനെ 20 റൺസിന് തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

അഞ്ച് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് ഇന്നലെ ഇന്ത്യയിലെത്തിയ സീഷെൽസ് പ്രസിഡന്റ് ഡോ. പാട്രിക് ഹെർമിനി രാഷ്ട്രപതി ദ്രൗപദി മുർമ്മുവുമായും, പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും ഇന്ന് കൂടിക്കാഴ്ച നടത്തും. രാഷ്ട്രപതിയുമായി കൂടിക്കാഴ്ച വൈകിട്ടാണ്.

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി നടത്തുന്ന കൂടിക്കാഴ്ചയിൽ ഉഭയകക്ഷി ബന്ധം ശക്തമാക്കുന്നതിനൊപ്പം പ്രാദേശികവും അന്തർദ്ദേശീയവുമായ വിഷയങ്ങളും ചർച്ചയാകും.

✪✪✪

രണ്ട് ദിവസത്തെ മലേഷ്യൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ തിരിച്ചെത്തി. ഇരുരാജ്യങ്ങളും തമ്മിലെ നയതന്ത്ര ബന്ധത്തിലും സാമ്പത്തിക സഹകരണത്തിലും പുതിയ അധ്യായം കുറിച്ചാണ് സന്ദർശനം സമാപിച്ചത്.

ന്യൂസ് ഡസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

..........(AUDIO).................

മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി നരേന്ദ്ര മോദി ക്വലാലംപൂരിൽ നടത്തിയ കൂടിക്കാഴ്ചയിൽ നിർണ്ണായകമായ പല തീരുമാനങ്ങളും കൈക്കൊണ്ടു. ഭീകരവാദത്തിനെതിരെ ഇരുരാജ്യങ്ങളും വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം തുടരുമെന്ന് ഇരു നേതാക്കളും സംയുക്ത പ്രസ്താവനയിൽ അറിയിച്ചു.

സെമികണ്ടക്ടറുകൾ, ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ തുടങ്ങിയ നൂതന മേഖലകളിൽ സഹകരണം വർധിപ്പിക്കാൻ ഇന്ത്യയും മലേഷ്യയും ധാരണയായി. വ്യാപാര സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഊന്നൽ നൽകും. പ്രതിരോധ മേഖലയിലെ ബന്ധം ശക്തിപ്പെടുന്നതിൽ സംതൃപ്തി രേഖപ്പെടുത്തിയ ഇരുനേതാക്കളും, ഭക്ഷ്യസുരക്ഷ, പോഷകാഹാരം എന്നീ മേഖലകളിലും പങ്കാളിത്തം ഉറപ്പാക്കുമെന്ന് വ്യക്തമാക്കി.

സന്ദർശന വേളയിൽ ലഭിച്ച ഊഷ്മളസ്വീകരണത്തിന് മലേഷ്യൻ ജനതയോടും പ്രധാനമന്ത്രി അൻവർ ഇബ്രാഹിമിനോടും നരേന്ദ്ര മോദി നന്ദി അറിയിച്ചു.

✪✪✪

ഇന്ത്യ - കാനഡ ഉഭയകക്ഷി സുരക്ഷാ ചർച്ചകളുടെ ഭാഗമായി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ കാനഡ സന്ദർശിച്ചു. കനേഡിയൻ പ്രധാനമന്ത്രിയുടെ ദേശീയ സുരക്ഷാ-ഇന്റലിജൻസ് ഉപദേഷ്ടാവുമായി അദ്ദേഹം ചർച്ച നടത്തി. ഇരുരാജ്യങ്ങളുടെയും

സുരക്ഷ ഉറപ്പാക്കുന്നതിന് പദ്ധതികളിലെ പുരോഗതി കൂടിക്കാഴ്ചയിൽ വിലയിരുത്തി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി വിദ്യാർഥികളുമായി സംവദിക്കുന്ന പരീക്ഷാ പേ ചർച്ചയുടെ 9-ാം പതിപ്പിന്റെ രണ്ടാം ഭാഗം രാവിലെ പത്തിന് ആകാശവാണി പ്രക്ഷേപണം ചെയ്യും. തമിഴ്നാട്, ഛത്തീസ്ഗഢ്, ഗുജറാത്ത്, അസം എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുമായാണ് പ്രധാനമന്ത്രി സംവദിക്കുക.

ഡെസ്ക്ക് റിപ്പോർട്ട്....

....(വോയ്സ്)...

പരീക്ഷാ സമ്മർദ്ദം, തയ്യാറെടുപ്പ് തന്ത്രങ്ങൾ, സമയക്രമീകരണം, ആത്മവിശ്വാസത്തോടെ പരീക്ഷയെ നേരിടൽ എന്നിവ കേന്ദ്രീകരിച്ചായിരിക്കും പ്രധാനമന്ത്രി വിദ്യാർത്ഥികളുമായി ആശയങ്ങൾ പങ്കുവെക്കുക.

പ്രധാനമന്ത്രിയുടെ യു ട്യൂബ് ചാനലിലും, ദൂരദർശനിലും, വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സാമൂഹിക മാധ്യമങ്ങളിലും പരിപാടി തത്സമയം കാണാം. ഈ മാസം ആറിന് പ്രക്ഷേപണം ചെയ്ത ആദ്യപതിപ്പിൽ വിദ്യാർത്ഥികളുടെ ചോദ്യങ്ങളോട് പ്രധാനമന്ത്രി ഊഷ്മളമായി പ്രതികരിച്ചിരുന്നു. നാലര കോടിയിലധികം വിദ്യാർത്ഥികളാണ് ഇതിൽ പങ്കാളികളായത്.

പ്രധാനമന്ത്രിയുടെ ആശയത്തിലൂന്നി ആരംഭിച്ച പരീക്ഷാപേ ചർച്ച 2020 ലെ ദേശീയ വിദ്യാഭ്യാസനയവുമായി പൊരുത്തപ്പെടുന്നതാണ്. വിദ്യാർത്ഥികളിൽ ആത്മവിശ്വാസവും, ശുഭാപ്തി വിശ്വാസവും, സമഗ്രമായ ക്ഷേമവും വളർത്തിയെടുത്ത് പരീക്ഷാനുഭവം പുനർ നിർമ്മിക്കുകയും, പരീക്ഷാകാലം ആഘോഷിക്കുകയുമാണ് പരീക്ഷാപേ ചർച്ചയുടെ ലക്ഷ്യം.

✪✪✪

കളമശ്ശേരി മെഡിക്കൽ കോളജ് ക്യാമ്പസിൽ നിർമ്മിച്ച കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പുതിയ കെട്ടിടം മുഖ്യമന്ത്രി പിണറായി വിജയൻ വൈകീട്ട് നാടിന് സമർപ്പിക്കും. ഉപകരണങ്ങളടക്കം 450 കോടി രൂപ ചെലവിലാണ് പുതിയ കെട്ടിടം നിർമ്മിച്ചത്. കാൻസർ രോഗികൾക്ക് ആധുനികവും ഗുണമേന്മയേറിയതുമായ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്രം സ്ഥാപിച്ചത്.

✪✪✪

കാർഷിക മേഖലയിൽ സമഗ്ര വികസനത്തിന് വിത്തുപാകാൻ സംസ്ഥാന ഗവൺമെന്റിന് സാധിച്ചെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കാസർകോട് പിലിക്കോട് മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ തിരുമുമ്പ് കാർഷിക സംസ്കൃതി പഠന കേന്ദ്രസമുച്ചയം നാടിന് സമർപ്പിക്കുകയായിരുന്നു മുഖ്യമന്ത്രി.

കാസർകോട് സംസ്ഥാനത്തിന്റെ സോളാർ ഹബ്ബ് ആകാൻ സാധ്യതയുണ്ടെന്ന് ചീമേനി, പെർദാല എസ്റ്റേറ്റുകളിലെ സോളാർ വൈദ്യുത നിലയങ്ങളുടെ നിർമ്മാണ പ്രവർത്തികളുടെ ഉദ്ഘാടനം ചെയ്യവെ മുഖ്യമന്ത്രി പറഞ്ഞു.

കാഞ്ഞങ്ങാടിന്റെ സ്വാതന്ത്ര്യ സമരചരിത്രം പരിഗണിച്ച് ദേശീയ പൈതൃക സംരക്ഷണത്തിന് വാർഷിക ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വിജ്ഞാനദായിനി ദേശീയ വിദ്യാലയത്തിന്റെ ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്ത മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

കൊച്ചി വിമാനത്താവളത്തിൽ നടപ്പാക്കുന്ന സിയാൽ എയ്റോ പാർക്കിന്റെ ആദ്യ ഘട്ടം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. ഏവിയേഷൻ മേഖലയിലെ അറ്റകുറ്റപ്പണികൾ, പരിശീലനം, സാങ്കേതിക സഹായ സേവനങ്ങൾ എന്നിവ ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണ് പാർക്കിന്റെ ലക്ഷ്യം.

✪✪✪

തിരുവനന്തപുരം അമ്പൂരി കുമ്പിച്ചൽക്കടവ് പാലം മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. കിഫ്ബിയിലൂടെ 24 കോടി 71 ലക്ഷം രൂപ ചെലവഴിച്ചാണ് പാലം യാഥാർത്ഥ്യമാക്കിയത്. നെയ്യാർ ജലസംഭരണി നിർമാണത്തെ തുടർന്ന്, തൊടുമല ഗ്രാമത്തിൽ ഒറ്റപ്പെട്ടുപോയ ആദിവാസി ഉന്നതികളിലെ ആയിരത്തോളം ജനങ്ങളുടെ യാത്രാദുരിതത്തിന് ഇതോടെ പരിഹാരമാകും.

✪✪✪

ഇന്ത്യൻ വിമാനക്കമ്പനിയായ 'ഫ്ലൈ 91' ഇന്ന് കൊച്ചിക്കും ലക്ഷദ്വീപിലെ അഗത്തിക്കുമിടയിൽ പ്രതിദിന സർവീസ് ആരംഭിക്കും. നിലവിൽ ഇൻഡിഗോയും, അലൈൻസ് എയറുമാണ് ലക്ഷദ്വീപിലേക്ക് സർവീസ് നടത്തുന്നത്.

✪✪✪

സംസ്ഥാനത്ത് LDF ന്റെ തുടർഭരണത്തിലൂടെ വികസിത രാജ്യങ്ങളിലെ ജനങ്ങളേക്കാൾ മികച്ച ജീവിതം മലയാളികൾക്ക് ലഭിക്കുമെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. LDF വടക്കൻ മേഖലാ വികസന മുന്നേറ്റ ജാഥയ്ക്ക് കൊയിലാണ്ടി, ചേളന്നൂർ, പൂവാട്ട്പറമ്പ്, കോഴിക്കോട് ടൗൺ എന്നിവടങ്ങളിൽ നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജാഥ ഇന്ന് കോഴിക്കോട് ജില്ലയിലെ പര്യടനം പൂർത്തിയാക്കി മലപ്പുറം ജില്ലയിലേക്ക് പ്രവേശിക്കും.

✪✪✪

പ്രതിപക്ഷ നേതാവ് VD സതീശൻ നയിക്കുന്ന പുതുയുഗ യാത്ര ഇന്ന് തലശ്ശേരിയിൽ നിന്ന് ആരംഭിക്കും. പ്രതിപക്ഷ ഉപനേതാവ് P.K കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യും. പാനൂർ, മട്ടന്നൂർ, ശ്രീകണ്ഠപുരം, ഇരിട്ടി എന്നിവിടങ്ങളിലെ സ്വീകരണത്തിനു ശേഷം വയനാട്ടിലാണ് ആദ്യ സ്വീകരണം.

✪✪✪

കേരളം വികസന കാര്യത്തിൽ പിന്നിലാണെന്ന് BJP മുൻ സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ പറഞ്ഞു. LDF ഗവൺമെന്റിനെതിരെ ജനവികാരം ശക്തമാണെന്നും, ശബരിമല സ്വർണപ്പാളി വിഷയത്തിൽ LDF നും UDFനും ഒരു പോലെ പങ്കുണ്ടെന്നും അദ്ദേഹം കോഴിക്കോട്ട് ആരോപിച്ചു. ജമാ അത്തെ ഇസ്ലാമി മതരാഷ്ടത്തിനായാണ് പ്രവർത്തിക്കുന്നതെന്നും , സമസ്ത പോലും ജമാ അത്തെ ഇസ്ലാമിയെ തള്ളി പറഞ്ഞിട്ടും കോൺഗ്രസ്സ് അതിനെ പിന്തുണക്കുന്ന നിലപാടാണ് സ്വീകരിക്കുന്നതെന്നും സുരേന്ദ്രൻ പറഞ്ഞു.

✪✪✪

കായിക മേഖലയുടെ ശാസ്ത്രീയ വളർച്ച ലക്ഷ്യമിട്ട് കായിക വകുപ്പിന് കീഴിൽ രാജ്യത്ത് ആദ്യമായി പ്ലാനിങ് ആൻഡ് റിസർച്ച് വിഭാഗം ആരംഭിക്കുമെന്ന് മന്ത്രി V.അബ്ദുറഹിമാൻ അറിയിച്ചു. കുട്ടികളുടെ കായിക കഴിവുകൾ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി കാസർകോട്ട് പറഞ്ഞു. ജില്ലാ മൾട്ടി പർപ്പസ് സ്റ്റേഡിയം ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**10 വർഷത്തിനിടയിൽ കായിക മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യ വികസനമാണ് സംസ്ഥാനത്ത് ഉണ്ടായതെന്നും, മുഴുവൻ ജില്ലകളിലും സ്റ്റേഡിയങ്ങൾ പൂർത്തിയാക്കുമെന്നും വി അബ്ദുറഹിമാൻ അറിയിച്ചു.**

**സംസ്ഥാനത്താകെ 300 കളിക്കളങ്ങളും 32 കായിക സമുച്ചയങ്ങളും നിർമ്മിച്ചതായും, 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിലൂടെ എല്ലാ പഞ്ചായത്തുകളിലും കളിക്കളം നിർമ്മിച്ചു നൽകുമെന്നും മന്ത്രി വ്യക്തമാക്കി.**

✪✪✪

**സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജിന് അപേക്ഷിച്ചവരിൽ വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ട 29 പേർക്ക് കൂടി ഹജ്ജിന് അവസരം ലഭിച്ചു. പട്ടികയിലുൾപ്പെട്ട 5,341 മുതൽ 5,369 വരെ അപേക്ഷകർക്കാണ് പുതുതായി അവസരം ലഭിച്ചത്. തിരഞ്ഞെടുക്കപ്പെട്ടവർ ആദ്യ ഗഡുവും രണ്ടാം ഗഡുവും ഉൾപ്പെടെ രണ്ട് ലക്ഷത്തി 77,300 രൂപ അടക്കണം. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ഔദ്യോഗിക ഹജ്ജ് ട്രെയിനർമാരുമായി ബന്ധപ്പെടാം.**

✪✪✪

**കേരളത്തിന്റെ ഉത്തരവാദിത്ത ടൂറിസം മേഖലയുടെ നയരൂപീകരണ വേദിയായി ബേപ്പൂർ ആഗോള ഉത്തരവാദിത്ത ടൂറിസം മീറ്റ് മാറുന്നു. മീറ്റിന്റെ രണ്ടാം ദിനത്തിൽ ഉത്തരവാദിത്ത ടൂറിസം പ്രസന്റേഷൻ, കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം വിജയ കഥകൾ പരിചയപ്പെടുത്തൽ, സ്ത്രീ സൗഹൃദ ടൂറിസം, ഇൻക്ലൂസീവ് ടൂറിസവും സുസ്ഥിര വികസനവും എന്നീ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിച്ചു.**

✪✪✪

**കൊളംബോയിൽ ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റ് ഗ്രൂപ്പ് ബി പോരാട്ടത്തിൽ ആതിഥേയരായ ശ്രീലങ്ക അയർലൻഡിനെ 20 റൺസിന് പരാജയപ്പെടുത്തി. ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക നിശ്ചിത 20 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 163 റൺസെടുത്തു. മറുപടി ബാറ്റിങ്ങിനിറങ്ങിയ അയർലൻഡ് 19.5 ഓവറിൽ 143 റൺസിന് എല്ലാവരും പുറത്തായി.**

മറ്റു രണ്ട് മത്സരങ്ങളിൽ മുംബൈയിൽ ഇംഗ്ലണ്ട് നേപ്പാളിനെ നാല് റൺസിനും ചെന്നൈയിൽ ന്യൂസിലാൻഡ് അഞ്ച് വിക്കറ്റിന് അഫ്ഗാനിസ്ഥാനെയും തോൽപ്പിച്ചു.

ഇന്ന് മൂന്ന് മത്സരങ്ങളുണ്ട്. കൊൽക്കത്തയിൽ രാവിലെ 11ന് സ്കോട്ട്ലൻഡ് ഇറ്റലിയെയും കൊളംബോയിൽ ഉച്ച കഴിഞ്ഞ് മൂന്നിന് സിംബാബ്‌-വേ ഒമാനെയും അഹമ്മദാബാദിൽ രാത്രി ഏഴിന് ദക്ഷിണാഫ്രിക്ക കാനഡയെയും നേരിടും.

✪✪✪

ബെംഗലൂരുവിൽ ഡേവിസ് കപ്പ് ടെന്നീസിലെ രണ്ടാം യോഗ്യതാ റൗണ്ട് മത്സരത്തിൽ ഇന്ത്യ നെതർലൻഡ്സിനെ തോൽപ്പിച്ചു. 2 നെതിരെ 3 സെറ്റുകൾക്കാണ് ഇന്ത്യയുടെ ജയം.

സിംഗിൾസിൽ ദക്ഷിണേശ്വർ സുരേഷ് വിജയിച്ചപ്പോൾ, ഡബിൾസിൽ യുക്കി ബാംബ്രിയുമായി ചേർന്നാണ് സുരേഷ് നെതൻലാൻഡ്സിനെതിരെ വിജയം നേടിയത്. സിംഗിൾസിൽ രണ്ട് മത്സരങ്ങളിലും ഇന്ത്യൻ താരം സുമിത് നാഗൽ പരാജയപ്പെട്ടു.

✪✪✪

കണ്ണൂർ വളപട്ടണം ടൗൺ സ്പോർട്സ് ക്ലബ് സംഘടിപ്പിക്കുന്ന സെവൻസ് ഫുട്ബോൾ ടൂർണമെന്റ് ഫൈനൽ ഇന്ന്. രാത്രി എട്ടിന് സൂപ്പർ സ്റ്റുഡിയോ മലപ്പുറവും കരീബിയൻ തളിപ്പറമ്പും ഏറ്റുമുട്ടും. സ്വർണക്കപ്പും ഒരു ലക്ഷം രൂപയുമാണ് സമ്മാനം.

✪✪✪

കണ്ണൂർ മാങ്ങാട്ടുപറമ്പ് സമാപിച്ച സംസ്ഥാന CBSE തെയ്ക്വാൻഡോ ചാമ്പ്യൻഷിപ്പിൽ പെരിങ്ങത്തൂർ മൗണ്ട് ഗൈഡ് ഇന്റർനാഷണൽ സ്കൂൾ ചാമ്പ്യൻമാരായി. ചിൻമയ വിദ്യാലയ കാസർകോട് രണ്ടാം സ്ഥാനവും, തലശ്ശേരി അമൃത വിദ്യാലയം മൂന്നാം സ്ഥാനവും നേടി.

✪✪✪

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തിരുവനന്തപുരം കോളേജ് ഓഫ് എൻജിനിയറിംങ്ങിന്റെ പുതിയ ജിയോ ടെക്നിക്കൽ റിസർച്ച് ആന്റ് ടെസ്റ്റിങ് സെന്റർ മന്ത്രി ഡോ. R ബിന്ദു ഇന്ന് ഉദ്ഘാടനം ചെയ്യും. പതിനേഴര കോടി രൂപ ചിലവിൽ നിർമ്മിക്കുന്ന പുതിയ മെൻസ് ഹോസ്റ്റൽ സമുച്ചയത്തിനും മന്ത്രി തറക്കല്ലിടും.

✪✪✪

കേരള കാർഷിക സർവകലാശാല വെള്ളാനിക്കര കാർഷിക കോളേജ് ഫാം ദിനാഘോഷം "ഋതം 2.0" ന്റെ മന്ത്രി K രാജൻ ഉദ്ഘാടനം ചെയ്തു. ദിനാഘോഷത്തിന് മണ്ണിന്റെ മണവും മാനവികതയുടെ മാധുര്യവും ഉണ്ടെന്നും മന്ത്രി പറഞ്ഞു. എല്ലാ ജില്ലകളിലും കാർഷിക വികസനം സാധ്യമാക്കാൻ ആവശ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെന്നത് സന്തോഷകരമായ കാര്യമാണെന്നും മന്ത്രി അറിയിച്ചു.

✪✪✪

ആലപ്പുഴ ജില്ലാതല കേരളോത്സവത്തിന് ഇന്ന് തുടക്കമാകും. ഈ മാസം 14 വരെ കഞ്ഞിക്കുഴിയിൽ വിവിധ വേദികളിലാണ് മത്സരം. വെള്ളിയാഴ്ച രാവിലെ മന്ത്രി P.പ്രസാദ് കലോത്സവം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ളക്കേസിൽ മുഖ്യമന്ത്രി രാജിവെക്കണമെന്നാവശ്യപ്പെട്ട് BJP കണ്ണൂർ സൗത്ത് ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ രാവിലെ പിണറായിയിലെ മുഖ്യമന്ത്രിയുടെ ക്യാമ്പ് ഓഫീസിലേക്ക് മാർച്ച് നടത്തും. പിണറായി പാറപ്രം റോഡിൽ നിന്നാണ് മാർച്ച് ആരംഭിക്കുക. BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് ഉദ്ഘാടനം ചെയ്യും.

✪✪✪

---

News Editor & News Reader: വി കെ സുരേഷ്
NRTs: സയ്യിദ് അലി ശിഹാബ്, അനുഷ ആത്മപ്രകാശ്
DEO: ഷീബ